**അഫ്ഗാനിസ്ഥാൻ വ്യവസായ-വാണിജ്യ മന്ത്രിയുടെ ഇന്ത്യാ സന്ദർശനം**

നവംബർ 25, 2025

അഫ്ഗാൻ വ്യവസായ-വാണിജ്യ മന്ത്രി അൽഹാജ് നൂറുദ്ദീൻ അസീസി 2025 നവംബർ 19 മുതൽ 25 വരെ തീയതികളിൽ ഒരു വ്യാപാര പ്രതിനിധി സംഘത്തോടൊപ്പം ഇന്ത്യ സന്ദർശിച്ചു.

2. സന്ദർശന വേളയിൽ, മന്ത്രി അസീസി ഇന്ത്യയുടെ വിദേശകാര്യ മന്ത്രി ഡോ. എസ്. ജയശങ്കറുമായി കൂടിക്കാഴ്ച നടത്തി. ഇരുമന്ത്രിമാരും ഉഭയകക്ഷി ബന്ധങ്ങൾ, കണക്റ്റിവിറ്റി, ജനങ്ങൾ തമ്മിലുള്ള വിനിമയം എന്നിവ ചർച്ച ചെയ്തു.

3. മന്ത്രി അസീസി വാണിജ്യ-വ്യവസായ മന്ത്രി ശ്രീ പിയൂഷ് ഗോയലുമായി പ്രതിനിധി തല ചർച്ചകൾ നടത്തി. വ്യാപാര സൗകര്യം, വിപണി പ്രവേശനം, കണക്റ്റിവിറ്റി, ശേഷി വർദ്ധിപ്പിക്കൽ എന്നിവ ഉൾപ്പെടെയുള്ള വിപുലമായ പ്രശ്നങ്ങൾ അവർ ചർച്ച ചെയ്തു. കാബൂൾ-ഡൽഹി, കാബൂൾ-അമൃത്സർ മേഖലകളിൽ എയർ ഫ്രെയിറ്റ് ഇടനാഴി ആരംഭിക്കുക്കുമെന്ന് അവർ പ്രഖ്യാപിച്ചു. വ്യാപാരം, വാണിജ്യം, നിക്ഷേപം എന്നിവയെക്കുറിച്ചുള്ള സംയുക്ത വർക്കിംഗ് ഗ്രൂപ്പ് വീണ്ടും സജീവമാക്കിയതിനെ ഇരുമന്ത്രിമാരും സ്വാഗതം ചെയ്തു, ഖനനത്തിലും മറ്റ് ഉയർന്ന മൂല്യമുള്ള മേഖലകളിലും സഹകരണത്തിനുള്ള അവസരങ്ങൾ പര്യവേക്ഷണം ചെയ്യാമെന്ന് സമ്മതിക്കുകയും ചെയ്തു. ഇന്ത്യയും അഫ്ഗാനിസ്ഥാനും അവരുടെ അതാത് എംബസികളിൽ വാണിജ്യ പ്രതിനിധികളെ നിയോഗിക്കും, ഒരു വാണിജ്യ വ്യവസായ സംയുക്ത ചേംബർ സ്ഥാപിക്കുകയും ചെയ്യും. മന്ത്രി അസീസി വാണിജ്യ-വ്യവസായ സഹമന്ത്രി ശ്രീ. ജിതിൻ പ്രസാദയെയും സന്ദർശിച്ചു.

4. മന്ത്രി അസീസി ഇന്ത്യ ഇന്റർനാഷണൽ ട്രേഡ് ഫെയർ (IITF 2025) സന്ദർശിച്ചു, നിരവധി അഫ്ഗാൻ വ്യാപാരികളുടെ സ്റ്റാളുകളും അവിടെ ഒരുക്കിയിരുന്നു. അദ്ദേഹം വിവിധ പ്രദർശകരുമായി സംവദിക്കുകയും IITF ലെ സാംസ്കാരിക പ്രദർശനം സന്ദർശിക്കുകയും ചെയ്തു. മന്ത്രി അസീസിയുടെ പ്രതിനിധി സംഘം കാർഷിക-സംസ്കരിച്ച ഭക്ഷ്യ ഉൽപ്പന്ന കയറ്റുമതി വികസന അതോറിറ്റി (APEDA), കോട്ടൺ

ടെക്സ്റ്റൈൽസ് എക്സ്പോർട്ട് പ്രൊമോഷൻ കൗൺസിൽ (TEXPROCIL), കോട്ടൺ കോർപ്പറേഷൻ ഓഫ് ഇന്ത്യ (CCI), അപ്പാരൽ എക്സ്പോർട്ട് പ്രൊമോഷൻ കൗൺസിൽ (AEPC), മാൻമെയ്ഡ് ആൻഡ് ടെക്നിക്കൽ ടെക്സ്റ്റൈൽസ് എക്സ്പോർട്ട് പ്രൊമോഷൻ കൗൺസിൽ (MATEXIL), PHD ചേംബർ ഓഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രി (PHDCCI), അസോസിയേറ്റഡ് ചേംബേഴ്സ് ഓഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രി ഓഫ് ഇന്ത്യ (ASOCHAM), ഫാർമസ്യൂട്ടിക്കൽ എക്സ്പോർട്ട് പ്രൊമോഷൻ കൗൺസിൽ ഓഫ് ഇന്ത്യ (PHARMEXCIL) എന്നിവരുമായി കൂടിക്കാഴ്ചകൾ നടത്തി. അഫ്ഗാനിസ്ഥാനിലേക്ക് കാർഷിക ഉൽപ്പന്നങ്ങൾ, മരുന്നുകൾ, മറ്റ് അവശ്യവസ്തുക്കൾ എന്നിവയുടെ ദീർഘകാല വിതരണത്തിനുള്ള രീതികളെക്കുറിച്ചും അവർ ചർച്ച ചെയ്തു.

5. വ്യാപാരം, സമ്പദ്‌വ്യവസ്ഥ, നിക്ഷേപങ്ങൾ എന്നീ മേഖലകളിലെ ഉഭയകക്ഷി ബന്ധങ്ങളും സഹകരണവും കൂടുതൽ ആഴത്തിലാക്കുന്നതിനുള്ള ഇരുപക്ഷത്തിന്റെയും ശക്തമായ പ്രതിബദ്ധതയാണ് ഈ സന്ദർശനം പ്രതിഫലിപ്പിക്കുന്നത്. ഇരുരാജ്യങ്ങളിലെയും ജനതയ്ക്ക് സുസ്ഥിരമായ നേട്ടങ്ങൾ നൽകുന്ന രീതിയിൽ ഈ സാമ്പത്തിക പങ്കാളിത്തം മുന്നോട്ട് കൊണ്ടുപോകുന്നതിന് അഫ്ഗാനിസ്ഥാനുമായി അടുത്ത് പ്രവർത്തിക്കാൻ ഇന്ത്യ പ്രതിജ്ഞാബദ്ധമാണ്.

**ന്യൂഡൽഹി**

**നവംബർ 25, 2025**